പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 324 08.06.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്

**ചോദ്യം**

ശ്രീ. പി.സി വിഷ്ണുനാഥ് :
" ടി.എൻ. പ്രതാപൻ :
" സി.പി. മുഹമ്മദ് :
" എ.പി. അബ്ദുള്ളക്കുട്ടി :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ; | (എ) | കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും നവീകരിച്ച് കരകയറ്റി ലാഭത്തിലേക്ക് നയിക്കുന്നതിനായാണ് പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയത്. |
| (ബി) | പാക്കേജിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കെ.എസ്.ആർ.ടി.സി.യെ കരകയറ്റാൻ എന്തെല്ലാം നടപടികളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ സൂചിപ്പിച്ചിരിക്കുന്നതിൻ പ്രകാരമാണ്.<br>1. വരുമാനം കുറഞ്ഞ സർവ്വീസുകൾ പുന. ക്രമീകരിച്ച് ലാഭകരമായ റൂട്ടുകളിൽ സർവ്വീസ് നടത്തി വരുമാനം വർദ്ധിപ്പിക്കുക.<br>2. ഓൺലൈൻ റിസർവേഷൻ സമ്പ്രദായം പരിഷ്ക്കരിച്ച് വരുമാനം വർദ്ധിപ്പിക്കുക.<br>3. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കൂടിയ പലിശ നിരക്കിൽ എടുത്ത വായ്പകൾ മറ്റു ദേശസാത്കൃത ബാങ്കുകളിലെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പ ആക്കി മാറ്റുക. |

| | | | |
|---|---|---|---|
| | | | 4. പാർസൽ/കൊറിയർ സർവ്വീസുകൾ, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എ.റ്റി.എം കൗണ്ടറുകൾ സ്ഥാപിക്കുന്നതിനായി ഡിപ്പോകളിലെ സ്ഥലം വാടകയ്ക്ക് നൽകുക തുടങ്ങിയ പദ്ധതികൾ ആരംഭിച്ച് സർവ്വീസ് ഇതര വരുമാനം വർദ്ധിപ്പിക്കുക.<br>5. പെൻഷൻ വിതരണത്തിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി നിക്ഷേപിക്കുന്ന തുകയ്ക്ക് സമാനമായ തുക സർക്കാർ അനുവദിക്കുക.<br>6. നിലവിലുള്ള സർക്കാർ വായ്പ ഇക്വിറ്റിയാക്കി മാറ്റുക.<br>7. ആസ്തിമൂല്യം നിർണ്ണയിക്കുക<br>8. മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കുക. |
| (ഡി) | പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | 1. കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500-ൽ പരം സർവ്വീസുകൾ പുനക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്.<br>2. കെ.എസ്.ആർ.ടി.സി.യിൽ ഓൺലൈൻ റിസർവേഷൻ സമ്പ്രദായം കുറ്റമറ്റ രീതിയിൽ പരിഷ്ക്കരിച്ചത് മുഖേന റിസർവേഷൻ ഇനത്തിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചു.<br>3. KTDFCയിൽ നിന്നുമെടുത്ത വായ്പാ തിരിച്ചടവിലേക്ക് കോർപ്പറേഷൻ പ്രതിമാസം 50 കോടിയോളം രൂപയാണ് വിനിയോഗിച്ച് വരുന്നത്. KTDFCയിൽ നിന്നുള്ള വായ്പാ തുക പൂർണ്ണമായും മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേക്കായി ബാങ്കുളുടെ ഒരു |

| | | | |
|---|---|---|---|
| | | | കൺസോർഷ്യം രൂപീകരിക്കുന്നതിനായി SBI CAPITAL Market Ltd എന്ന സ്ഥാപനത്തെ ഉപദേശകസ്ഥാപനമായി കെ.എസ്.ആർ.ടി.സി. നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട 13 ബാങ്കുകൾക്ക് ടി വായ്പ ഏറ്റെടുക്കുന്നതിലേക്ക് നൽകി കഴിഞ്ഞു. വായ്പാ ഏറ്റെടുക്കൽ നടപടി 2015 ജൂൺ മാസത്തിനകം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിൽ പൊതു മേഖലാ ബാങ്കുകൾ, KTDFCയിൽ നിന്നുള്ള വായ്പ ഏറ്റെടുത്താൽ പ്രതിമാസ വായ്പ തിരിച്ചടവ് 15-20 കോടി രൂപയായി കുറയുകയും, കോർപ്പറേഷന് പ്രതിമാസം 30 കോടി രൂപ ലാഭിക്കാൻ കഴിയുകയും ചെയ്യുന്നതാണ്.<br>4. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22.12.2014-ൽ ചേർന്ന ഉന്നതതല യോഗത്തിൽ കെ.എസ്.ആർ.ടി.സി.യിൽ 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ നൽകുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനായി ഓരോ മാസവും കെ.എസ്.ആർ.ടി.സി ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് ആനുപാതികമായ തുക Non Plan വിഹിതമായി (പരമാവധി 20 കോടി രൂപ) സർക്കാർ നൽകുവാനും തീരുമാനിച്ചിരുന്നു. ഇതിൻ പ്രകാരം ഏപ്രിൽ മാസം കെ.എസ്.ആർ.ടി.സി ട്രഷറിയിൽ നിക്ഷേപിച്ച 14.40 കോടി രൂപയ്ക്ക് തുല്യമായ വിഹിതം കൂടി ഉൾപ്പെടുത്തി ആകെ 28.80 കോടി രൂപ കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച് നൽകി കൊണ്ട് സർക്കാർ |

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചത് വഴി 2015-16 സാമ്പത്തിക വർഷം മുതൽ പെൻഷൻ മുടങ്ങാതെ വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

5. 2013-14 വരെ സർക്കാർ കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുള്ള വായ്പ ഇക്വിറ്റിയാക്കി മാറ്റുന്നതിനായി കെ.എസ്.ആർ.ടി.സി സമർപ്പിച്ച വിശദമായ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.
6. കെ.എസ്.ആർ.ടി.സി.യുടെ ആസ്തിമൂല്യം നിർണ്ണയിക്കുന്നതിനായി M/s Varma & Varma എന്ന സ്ഥാപനത്തെ നിയോഗിക്കുകയും ടി സ്ഥാപനം റിപ്പോർട്ട് സർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോർപ്പറേഷന്റെ ആകെ ആസ്തിമൂല്യം 3328.90 കോടി രൂപയാണ്.
7. മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ